Draft #7 of File 83374/AC A1-3/2021/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jun-2021 12:59 PM - Page 1

# <u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

83374/AC A1-3/2021/REG SECT            പി.ഡി ഹിൽസ്            30.06.2021

## <u>പരിപത്രം</u>

**വിഷയം : കോവിഡ് -19ന്റെ വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകൾ/പഠനവകുപ്പുകൾ/സെന്ററുകൾ എന്നിവിടങ്ങളിൽ പരീക്ഷകളിൽ പാലിക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് :-**

**സൂചന** : 1. 11.06.2021 തീയതിയിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള ഉത്തരവ് നമ്പർ:സ.ഉ.(സാധാ) നം.765/ 2021/ഉ.വി.വ.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകൾ/ പഠനവകുപ്പുകൾ/ സെന്ററുകൾ എന്നിവിടങ്ങളിൽ പരീക്ഷകളിൽ പാലിക്കുന്നതിനായി ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1.കോവിഡ്-19 ന്റെ വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും സുരക്ഷാ ക്രമീകരണങ്ങളും പരീക്ഷാ കേന്ദ്രങ്ങളിൽ കൃത്യമായി പാലിച്ചിരിക്കേണ്ടതാണ്.

2.അടഞ്ഞു കിടക്കുന്ന ക്ലാസ് മുറികൾ പരീക്ഷയ്ക്ക് മുൻപ് അണുവിമുക്തമാക്കേണ്ടതാണ്. ഇതിന് ഫയർഫോഴ്സിന്റെയും തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടേയും സഹകരണം പരീക്ഷാകേന്ദ്രം പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

3.ഓരോ പരീക്ഷയ്ക്ക് ശേഷവും പരീക്ഷാകേന്ദ്രങ്ങൾ അണുവിമുക്തമാക്കേണ്ടതാണ്.

4.ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ മാനദണ്ഡങ്ങളും സുരക്ഷാക്രമീകരണങ്ങളും പാലിച്ചുകൊണ്ട് പരീക്ഷാദിവസങ്ങളിൽ താമസസൗകര്യം ഒരുക്കേണ്ടതും അതിനുമുൻപായി ഹോസ്റ്റലുകൾ അണുവിമുക്തമാക്കേണ്ടതാണ്.

5.ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികൾ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6.പരീക്ഷാകേന്ദ്രത്തിലേയ്ക്ക് ഒരു പ്രവേശന കവാടം മാത്രമേ പാടുള്ളൂ .

7. പ്രവേശനകവാടത്തിൽ തന്നെ സോപ്പും വെള്ളവും ഉറപ്പാക്കേണ്ടതാണ് .

8. പരീക്ഷാർത്ഥികൾ സ്ക്രൈബുകൾ, പരീക്ഷാ സ്ക്വാഡ് അംഗങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ അല്ലാതെ മറ്റുള്ളവരെ പരീക്ഷാകേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കാൻ പാടില്ല.

9. പരീക്ഷാകേന്ദ്രങ്ങളിൽ പ്രവേശിക്കുന്നവർ നിർബന്ധമായും മാസ്ക് ധരിക്കേണ്ടതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #7 of File 83374/AC A1-3/2021/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jun-2021 12:59 PM - Page 2

10. പ്രവേശനകവാടത്തിൽ തന്നെ വിദ്യാർത്ഥികളുടെ ശരീരോഷ്മാവ് പരിശോധിക്കേണ്ടതാണ്.

11. പരീക്ഷാകേന്ദ്രങ്ങളുടെ പരിസരത്ത് കൂട്ടം കൂടാനോ ചുറ്റിത്തിരിയാനോ പരീക്ഷാർത്ഥികളെ അനുവദിക്കാൻ പാടില്ല. സാമൂഹിക അകലം കർശനമായി പാലിക്കേണ്ടതാണ്.

12. എല്ലാ പരീക്ഷാമുറികളിലും സാനിറ്റൈസർ കരുതേണ്ടതാണ്.

13. ഇൻവിജിലേറ്റർമാർ നിർബന്ധമായും മാസ്കും ഗ്ലൗസും ധരിക്കേണ്ടതാണ്.

14. പേന,പെൻസിൽ തുടങ്ങിയ വസ്തുക്കൾ കൈമാറ്റം ചെയ്യാൻ പാടില്ല.

15. വിദ്യാർത്ഥികൾ അറ്റൻഡൻസ് ഷീറ്റിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതില്ല.

16. പരീക്ഷ കഴിഞ്ഞു വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രം വിട്ടുപോകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

17. ഈ പ്രോട്ടോകോളുമായി ബന്ധപ്പെട്ട് വിശദമായ നിർദ്ദേശങ്ങൾ പരീക്ഷാർഥികളുടെയും ഇൻവിജിലേറ്റർമാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ് .

18. പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷ നടത്തുന്നത് സുഗമമാക്കുന്നതിന് സ്ഥാപനമേധാവി, വിദ്യാർത്ഥി പ്രതിനിധികൾ, അധ്യാപക-അനധ്യാപക പ്രതിനിധികൾ, അധ്യാപക-രക്ഷകർതൃസമിതി പ്രതിനിധികൾ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ,തദ്ദേശസ്വഭരണ വകുപ്പ് പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്/-
കാഞ്ചന എൻ. നായർ
അസിസ്റ്റന്റ് രജിസ്ട്രാർ 1(അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ് :

1. അഫിലിയേറ്റഡ് കോളേജുകൾ /പഠനവകുപ്പുകൾ / സെന്ററുകൾ
2. വി.സി /പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
4. എ ആർ / ഡി ആർ / ജെ ആർ (അക്കാദമിക് )
5. ഐ.ക്യൂ .എ.സി/എസിഎ 1 / എ.സി.സി.1/ എ.സി.സി.2/ റെക്കോർഡ്സ് സെക്ഷൻ
6. പി.ആർ.ഒ സെക്ഷൻ /കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #7 of File 83374/AC A1-3/2021/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jun-2021 12:59 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം